**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**16 March 2018 (27 Jamad'ul Aakhir 1439 AH)**

# A FULFILLED PROPHECY”.:/
# ഒരു പ്രവചനം പൂർത്തിയാകുന്നു

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **“ഒരു പ്രവചനം പൂർത്തിയാകുന്നു”** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

തന്റെ അനുഗ്രഹം താൻ ഉദ്ദേശിക്കുന്നവർക്ക് പ്രത്യേകമായി അവൻ നല്കുന്നു. 3:75 അല്ലാഹു മഹത്തായ ഔദാര്യത്തിന്റെ ഉടയവനാണ്. അതുകൊണ്ടാണോ നിങ്ങളുടെ അടുത്ത് നിങ്ങളുടെ മനസ്സുകൾ ഇച്ഛിക്കാത്ത ഒന്നുമായി (നമ്മുടെ) ദൂതൻ വന്നപ്പോഴെല്ലാം നിങ്ങൾ അഹങ്കാരം കാണിച്ചത്? അങ്ങനെ അവരിൽ ഒരു വിഭാഗത്തെ നിങ്ങൾ തള്ളിക്കളഞ്ഞു. ഒരു വിഭാഗത്തെ നിങ്ങൾ കൊലപ്പെടുത്തുകയും ചെയ്തു 2 : 88.

ദൈവീക കല്പന ഉണ്ടായപ്പോൾ ഈ നൂറ്റാണ്ടിലെ മുഹ്‌യിദ്ദീനും ഖലീഫത്തുല്ലായുമാണ് ഞാൻ എന്ന് സ്വയം പ്രഖ്യാപിക്കുകയുണ്ടായി. അല്ലാഹു (ത) നല്കിയ മറ്റു പേരുകളും ബഹുമതികളും അതോടൊപ്പമുണ്ട്. മുസ്ലിംകളും, കൂടുതൽ കൃത്യമായി പറഞ്ഞാൽ ശത്രുതയുള്ള അഹ്മദിമുല്ലാക്കൾ, എനിക്കെതിരിൽ നിലകൊണ്ടു, ആക്ഷേപങ്ങളുടെയും, വ്യത്തികേടിന്റെയും, വെറുപ്പിന്റെയും കൂമ്പാരം എന്റെ മുന്നിൽ അവർ തുറന്നു വെച്ചു. മതപുരോഹിതന്മാരാണെന്നവകാശപ്പെട്ടവരും, ഇസ്ലാമിന്റെ സംരക്ഷകരെന്നവകാശപ്പെട്ടവരും ഖലീഫാ സംരക്ഷകരെന്നവകാശപ്പെട്ടവരും എല്ലായിടത്തും ഓടി നടന്ന് പൊതുജനങ്ങളെ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനും ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലായ്ക്കുമെതിരിൽ, ഇളക്കിവിട്ടു.

ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തിന്റെ ആരംഭം മുതൽ തന്നെ ഈ വിനീത സേവകൻ ഖലീഫത്തുല്ലാഹ് ആണെന്നും മുഹ്‌യിദ്ദീൻ ആണെന്നുമുള്ള പ്രഖ്യാപനത്തെ തുടർന്ന്, മുല്ലാക്കൾ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെതിരിലുള്ള അവരുടെ സമ്മിശ്ര രാഷ്ട്രീയ പദ്ധതികൾക്കും തുടക്കമിട്ടു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം എന്ന ആവിയന്ത്രത്തെ തടഞ്ഞുനിർത്തുവാൻ ആരാണുള്ളത്?. സർവ്വശക്തനായ അല്ലാഹു നമ്മോടൊപ്പമുണ്ടായിരിക്കുമ്പോൾ, ആരാണ് അവനെ വെല്ലുവിളിക്കുവാൻ തയ്യാറാകുന്നത് ? അവന്റെ ഇച്ഛയ്ക്കെതിരിൽ ആരാണ് നിലകൊള്ളുന്നത് ? തീർച്ചയായും അങ്ങനെ നിലകൊള്ളുന്നവരുടെ അന്ത്യം വളരെ ഖേദകരം തന്നെയായിരിക്കും. കാരണം അല്ലാഹു എപ്പോഴും അവന്റെ തെരഞ്ഞെടുത്ത ദാസന്മാരോടൊപ്പമായിരിക്കും.തീർച്ചയായും അവന്റെ വാഗ്ദാനം പൂർത്തിയാക്കുന്നതുമാണ്.

ഹസ്രത് ആദം (അ) മുതൽ നാളിതു വരെ മനുഷ്യസമുദായത്തിന്റെ മാർഗദർശനത്തിനായി പ്രവാചകന്മാരെ ഉയർത്തിയിട്ടുണ്ട്. അല്ലാഹുവിന്റെ സന്നിധിയിൽ കുറ്റക്കാരനായിത്തീരുകയും, സാത്താൻ പുറത്താക്കപ്പെടുകയും ചെയ്തപ്പോൾ, വിധി നാൾവരേക്കും ദൈവദാസന്മാരെ ചതിക്കുവാനും വഴി തെറ്റിക്കുവാനുള്ള സാവകാശം അവൻ ആവശ്യപ്പെടുകയും, അവന് ദൈവം അതു അനുവദിക്കുകയും എല്ലാ വിധ കുതന്ത്രങ്ങളും പ്രയോഗിച്ചു കൊള്ളുവാനുള്ള അനുവാദം നല്കുകയും ചെയ്തു. എന്നാൽ പ്രസ്തുത സമയത്ത്, ദൈവം തറപ്പിച്ചു പ്രഖ്യാപിക്കുകയുണ്ടായി. അവന്റെ ഇഷ്ടദാസന്മാരെ വഴിതെറ്റിക്കുവാൻ നിനക്ക് ഒരിക്കലും സാധിക്കുകയില്ല എന്ന് !

സാത്താനും, ദൈവത്തിന്റെ ഇഷ്ടദാസന്മാരും തമ്മിലുള്ള അന്നു തുടങ്ങിയ പോരാട്ടം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. പാപികളുടെ നേതാവായി സാത്താനും, ഇഷ്ടദാസന്മാരുടെ നേതാവായി പ്രവാചകന്മാരും നിലയുറപ്പിച്ചു. ലോകത്തിന്റെ ബഹുഭൂരിഭാഗവും സാത്താന്റെ പിടിയിലമരുമ്പോൾ, അല്ലാഹു (ത) അവൻ തന്റെ പ്രതിനിധിയായ ദൂതനെ നിയോഗിച്ച് ജനങ്ങളെ ശരിയായ പാതയിലേക്ക് തിരികെ കൊണ്ടു വരു

ന്നതിനായി ശ്രമം തുടരുന്നു. അങ്ങനെ മഹത്തായ പോരാട്ടം ആരംഭിക്കുകയായി. ഓരോ സമയവും ഒടുവിൽ സാത്താന്റെ സംഘം എണ്ണത്തിൽ ചുരുങ്ങുകയും അവന്റെ ശക്തി ക്ഷയിക്കുകയും ചെയ്യുന്നു.

മറിച്ച്, പ്രവാചക സംഘം ദിനം തോറും വളർച്ച പ്രാപിക്കുന്നു. ഒടുവിൽ സാത്താൻ പരാജയം സമ്മതിക്കുന്നു. ലോകാവസാനം വരേക്കും ഇതു തുടർന്നുകൊണ്ടിരിക്കും.

മറ്റൊരുവാക്കിൽ പറഞ്ഞാൽ, മനുഷ്യസമുദായത്തെ വഴി തെറ്റിക്കുന്നതിൽ സാത്താനിക ശക്തി വിജയിക്കുമ്പോൾ, അല്ലാഹു (ത) അവന്റെ അപാരമായ അനുഗ്രഹത്താൽ തന്റെ തന്നെ സൈന്യത്തെ നിയോഗിച്ച് സാത്താനിക ഭരണത്തിന്റെ അന്ത്യം കുറിക്കുന്നു. ഈ ലോകത്തു മനുഷ്യനുള്ളിടത്തോളം കാലം, തിന്മ ഇവിടെ നിലനില്ക്കുന്നിടത്തോളം കാലം, ദൈവം അവന്റെ പ്രതിനിധിയെ അയച്ചുകൊണ്ടിരിക്കും. പ്രവാചകന്മാരെ അയച്ചു കൊണ്ടിരിക്കും, അതിലൂടെ ഭൗതികവും, ധാർമ്മികവും, ആത്മീയവുമായ രംഗങ്ങളിൽ സമതുലിത സ്ഥാപിക്കുന്നതിനായി. ആയതിനാൽ ഇതു സംബന്ധമായി ചിന്തിക്കുക ! ദൈവത്തിന്റെ പരിശുദ്ധവചനത്താൽ തന്നെ, അവൻ അനന്തനാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ ഖാത്തമുന്നബിയ്യീനായി അവനാണ് ഉയർത്തിയിട്ടുള്ളത്. അവസാനത്തെ നിയമവാഹകനായ പ്രവാചകനും അദ്ദേഹം തന്നെ ! പുതിയ നിയമവാഹകരായ ഒരു പ്രവാചകനും ഇനി വരില്ല എന്നതും സത്യമാണ്. ഖുർആനിക അദ്ധ്യാപനങ്ങളെ തിരസ്ക്കരിക്കുന്നവരും വരില്ല. അങ്ങനെ വന്നാൽ ദൈവീക വാക്കിനെ നിരസ്ക്കരിക്കലാകും അത്.

ഈ നിലയിൽ ഞാൻ എല്ലാ അഹ്മിദീമുസ്ലിംകളെയും അഭിസംബോധന ചെയ്യുകയാണ് അതായത് നിങ്ങൾ പ്രവാചകത്വത്തിന്റെ വാതിൽ മുഹമ്മദ് (സ) യ്ക്കു ശേഷം എന്നും തുറന്നു കിടക്കുന്നതായിരിക്കും എന്ന് വാദിക്കുന്നവരാണല്ലോ. കഴിഞ്ഞ നൂറ്റാണ്ടിലെ വാഗ്ദത്തമസീഹ്, അഹമദിയ്യാജമാഅത്തിന്റെ സ്ഥാപകരായ ഹസ്രത് മിർസാ

ഗുലാം അഹ്മദ് (അ) നെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്ത വരാണല്ലോ. ഇപ്പോൾ എന്തേ നിങ്ങളുടെ സമയത്ത് അല്ലാഹുവിന്റെ ഒരു പ്രതിനിധി വന്നപ്പോൾ നിങ്ങൾ അദ്ദേഹത്തെ അംഗീകരിക്കാതെ എതിർക്കുന്നു.? അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നിങ്ങളിൽ നിന്നും അവൻ എന്നെ തെരഞ്ഞെടുത്തു ഉയർത്തി. മുഹമ്മദ് (സ) ന്റെ ഉമ്മത്തിൽ നിന്നും ! വാഗ്ദത്തമസീഹ് (അ) ന്റെ സമുദായത്തിൽ നിന്നും ! എന്നിട്ടും എന്തേ നിങ്ങൾ ഇപ്പോഴും അന്ധരായിരിക്കുന്നു ? എന്തേ നിങ്ങൾ കേഴ്‌വിശക്തി ഇല്ലാത്തവരായിരിക്കുന്നു ?

മറ്റു മുസ്ലിം വിഭാഗങ്ങൾ, ഖാത്തമുന്നബിയ്യീൻ എന്നു പറ ഞ്ഞാൽ, പ്രവാചകത്വം അവസാനിക്കലാണ് എന്നു പറയുന്നതുപോലെ, വാഗ്ദത്തമസീഹിനുശേഷം ഇനി ഒരു മസീഹും വരില്ലാ എന്നു നിങ്ങളും പറയുകയുകയാണോ ? പിന്നെന്തിനാണ് അല്ലാഹു (ത) ഈ വചനം വിശുദ്ധഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നത്, പുനരുത്ഥാന നാൾവ രേക്കും അതുനിലനില്ക്കുന്നതുമായിരിക്കുമല്ലോ ! അല്ലാഹു (ത) പറ യുന്നു. ആദം സന്തതികളെ, എന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊണ്ട് നിങ്ങളിൽ നിന്നുമുള്ള ദൂതന്മാർ നിങ്ങളുടെ അടുത്തു വരുമ്പോൾ സൂക്ഷ്മത കൈകൊള്ളുകയും പ്രവർത്തനം നന്നാക്കുകയും ചെയ്താൽ അവർക്ക് ഒന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കുകയുമില്ല (7:36)

മറ്റു മുസ്ലിം വിഭാഗങ്ങളും, അതുപോലെ ജനങ്ങൾ തെരഞ്ഞെ ടുത്ത ഖലീഫയെ അംഗീകരിക്കുന്ന അഹ്മദീമുസ്ലിംകളും പറയുന്നത് മുഹ മ്മദ് (സ) ന് ശേഷം അല്ലാഹുവിന്റെ ഒരു പ്രവാചകനും വരില്ല എന്നും, മിസിഹായും മഹ്ദിയുമായ മിർസാഗുലാം അഹ്മദ് (അ) ന് ശേഷം റൂഹുൽ ഖുദ്സുമായി ആരും വരില്ല എന്നു നമ്മളും (ജമാഅത്തുസ്സഹീഹിൽ ഇസ്ലാം) അംഗീകരിക്കേണ്ടി വരും. മറ്റു പ്രവാചകന്മാരും, വഴികാട്ടികളും വരുന്നതാണ് എന്ന് ഖുർആൻ വചനത്തിൽ അല്ലാഹു പറഞ്ഞതിന് നമുക്ക് എന്തുത്തരമാണുള്ളത് ?

വിശുദ്ധ ഖുർആനിലെ സൂറാ : നുറിൽ അല്ലാഹു (ത) പറയുന്നു. നിങ്ങളിൽ സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങളുനഷ്ഠിക്കുകയും ചെയ്തവർക്ക് അല്ലാഹു ഇതാ വാഗ്ദാനം ചെയ്തിരിക്കുന്നു. അവരുടെ മുൻഗാമികൾക്ക് പ്രാധിനിധ്യം നല്കിയതുപോലെ അവർക്കും ഈ ഭൂമിയിൽ നിശ്ചയമായും പ്രാതിനിധ്യം നല്കുന്നതാണ്. (24 : 56)

മുഹമ്മദൻ സമുദായത്തിലും, മൂസാ (അ) യുടെ സമുദായത്തിൽ ഖലീഫമാരെ നിയോഗിച്ചതു പോലെ, നിയോഗിക്കുന്നതാണ്. ഹാറൂൺ (അ) നെപോലെ, അൽയഷഅ് (അ) നെ പോലെ, ദാവൂദ് (അ) നെ പോലെ, സുലൈമാൻ (അ) നെ പോലെ ! ഈ വചനം അർത്ഥമാക്കുന്നത് അവർ ഖലീഫമാരായിരിക്കുന്നതാണ്, അവർക്കു മുൻപു വന്ന പ്രവാചകന്മാരെ പോലെ !

വാഗ്ദത്ത മസീഹിന്റെ, രണ്ടാം ഈസബ്നു മർയമിന്റെ ആഗമനത്തെ സംബന്ധിച്ച് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ തിരുമൊഴിയിലൂടെ വന്ന പ്രവചനത്തെ അനുസ്മരിക്കുക. അല്ലാഹുവിന്റെ മിശിഹായെ പറ്റിയുള്ള അദ്ദേഹത്തിന്റെ ദർശനത്തെ ഓർക്കുക. ഒരു വ്യഖ്യാനം അനുസരിച്ച് അദ്ദേഹത്തിന്റെ നിറം റോസ് നിറത്തോടെയുള്ള വെളുപ്പായിരിക്കും. മറ്റൊരു വ്യഖ്യാനമനുസരിച്ച് കറുപ്പ് നിറമായിരിക്കും. ഈ രണ്ട് ഇനത്തിന് ഏറ്റവും വലിയ മനോഹാരിത പരിശുദ്ധ കഅ്ബ തവാഫ് ചെയ്യുന്നതാണ് എന്നതാണ്. നിങ്ങൾക്കറിയാമോ ? പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. അതായത് മിശിഹാ ഉംറ അല്ലെങ്കിൽ ഹജ്ജ് അല്ലെങ്കിൽ രണ്ടും കൂടി ഒരുമിച്ച് നിർവ്വഹിക്കുന്നതാണ്. റൗഹ : എന്ന സ്ഥലത്ത് നിന്ന് തൽബിയ്യത്ത് (ലബ്ബയ്ക്കല്ലാഹുമ്മ) ചൊല്ലുന്നതാണ്. (അബൂഹുറൈ രിവായത്തു ചെയ്ത ഹദീസ് മുസ്ലിം റിപ്പോർട്ടു ചെയ്തിരിക്കുന്നു)

മുസ്ലിം ലോകം മർക്കടമുഷ്ടിയോടെ, നിർബന്ധ ബുദ്ധിയോടെ ഹസ്രത് മിർസാഗുലാം (അ) ന്റെ പദവിയെ തരം താഴ്ത്തുന്നു. തന്റെ കാലത്തിലെ വാഗ്ദത്തമസീഹ് താനെന്ന് അദ്ദേഹം വാദിച്ചെങ്കിലും അദ്ദേഹം പ്രവാചക പ്രവചനത്തിൽ പറയപ്പെട്ട പ്രവചനം പൂർത്തികര

ക്കുകയുണ്ടായില്ല. എന്നാൽ നാം, അഹ്മദീ മുസ്ലിംകൾ നമ്മുടെ ദൃഢവിശ്വാസത്തിൽ ഉറച്ചു നില്ക്കുകയാണ്. കാരണം അല്ലാഹു (ത) നമ്മെ പഠിപ്പിച്ചതെന്താണെന്ന് നമുക്കറിയാം. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ അഭിസംബോധന ചെയ്തു കൊണ്ടു ഖുർആനിൽ പറയുന്നു. അതുകൊണ്ട് (നബീ) താങ്കൾ ക്ഷമിക്കുക. അല്ലാഹുവിന്റെ വാഗ്ദാനം സത്യം തന്നെയാണ്. അവരെ നാം താക്കീത് ചെയ്യുന്നതിൽ ചിലത് താങ്കൾക്ക് നാം കാണിച്ചു തരും അല്ലെങ്കിൽ (അതിനു മുൻപായി) താങ്കളെ നാം മരണപ്പെടുത്തും. രണ്ടായാലും നമ്മുടെ അടുത്തേക്കാണവർ മടക്കപ്പെടുക. താങ്കൾക്ക് മുൻപ് പല ദുതന്മാരെയും നാം അയച്ചിട്ടുണ്ട്. താങ്കൾക്ക് നാം വിവരിച്ചു തന്നവരും വിവരിച്ചു തരാത്തവരും അവരുടെ കൂട്ടത്തിലുണ്ട്. അല്ലാഹുവിന്റെ അനുമതിയില്ലാതെ ഒരു ദൂതനും ഒരു ദൃഷ്ടാന്തവും കൊണ്ടു വരാൻ നിവൃത്തിയില്ല. എന്നാൽ വിധി നടത്തപ്പെടുകയും അസത്യവാന്മാർ അവിടെ നഷ്ടത്തിലാവുകയും ചെയ്യും (40 : 78,79)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നമ്മുടെ ഈ കാലഘട്ടത്തിൽ, ആ സമയം ആസന്നമായിരിക്കുന്നു. അതായത് ഈ വീനിത ദാസനും, ദൂതനുമായവനെ അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നു. മുഹമ്മദ് (സ) ന്റെയും അഹ്മദ് (അ) ന്റെയും വിശ്വസ്തനായ അനുയായിയായ എനിക്ക്, അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ, പ്രവചനം അവൻ എന്നിലൂടെ പൂർത്തിയാക്കിയിരിക്കുന്നു. നമ്മുടെ പ്രീയ പ്രവാചകർ മുഹമ്മദ് (സ) ടെ ദർശനം ഈ വീനിതദാസനിലൂടെ അല്ലാഹുവിന്റെ മിശിഹായായ എന്നിലൂടെ പൂർത്തിയായിരിക്കുന്നു. ഈ നൂറ്റാണ്ടിലെ വാഗ്ദത്തമിസിഹ മൂന്ന് പ്രാവശ്യം ഉംറ : നിർവ്വഹിക്കുകയുണ്ടായി. ഇത് അല്ലാഹുവിൽ നിന്നും എനിക്കു ലഭിച്ച ഒരു വലിയ ബഹുമതി തന്നെ ! അനേകം പ്രതിസന്ധികൾക്കിടയിലൂടെയാണ് അല്ലാഹു (ത) എനിക്ക് ഇതിനുള്ള വഴി തുറന്നു തന്നത്. 2018 ഫെബ്രുവരി 20-ാം തീയതി മുസ്ലിംഹ് മൗഊദ് ദിനത്തൽ, ഇതു നിർവ്വഹിക്കുവാൻ കഴിഞ്ഞു എന്നത് ചാരിതാർഥ ജനകം

തന്നെ. വാഗ്ദത്തമസീഹ് മിർസാഗുലാം അഹ്മദ് (അ) ന് ഒരു വാഗ്ദത്ത പുത്രൻ വാഗ്ദത്ത പരിഷ്ക്കാർത്താവായി വരുന്നത് സംബന്ധമായ പ്രവചനം നടത്തിയത് ഫെബ്രുവരി 20 നായിരുന്നു.

ദൈവീക വെളിപാടുമായി അല്ലാഹു (ത) എന്നെ അവന്റെ തെരഞ്ഞെടുത്ത സേവകനാക്കി ഉയർത്തിയിട്ട് 17 വർഷങ്ങൾ പിന്നിടുന്നു.

2001-2018 ജമാഅത്തുസ്സഹീഹിൽ ഇസ്ലാം രൂപീകൃതമായിട്ട് 10 വർഷങ്ങൾ പിന്നിടുന്ന (2008-2018) അൽഹം ദുലില്ലാഹ് ! സുമ്മ അൽഹം ദുലില്ലാഹ്

വാഗ്ദാനം പൂർത്തിയാക്കിയ അല്ലാഹു (ത) യ്ക്കാണ് സർവ്വസ്തുതിയും. 2017 മാർച്ച് 22 ന് ലഭിച്ച ദൈവീക സന്ദേശത്തെ ഓർക്കുക ! നീ മക്കയിൽ നിന്നും വരുമ്പോൾ ഇസ്ലാമിനെ വീട്ടിലേക്ക് കൊണ്ടു വരുക. ഈന്തപ്പഴവും സംസം ജലവും മാത്രമല്ല കൊണ്ടു വരേണ്ടത്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അതിന്റെ വിജയ പാതയിലാണ്. അതെ ദൈവീക വിജയം അതിന്റെ എല്ലാ പരിപാവനതയോടും കൂടി ഇതെല്ലാം ദൈവീക ദൃഷ്ടാന്തത്തിന്റ ആരംഭത്തിൽ തന്നെ വാഗ്ദാനം ചെയ്തിട്ടുള്ളതാകുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ മക്കയിലേയും മദീനയിലേയും താമസ സമയത്ത് അല്ലാഹു (ത) എനിക്ക് വെളിപാടുകളും / ദർശനങ്ങളും / സ്വപ്നങ്ങളും നല്കി അനുഗ്രഹിക്കുകയുണ്ടായി. എന്നിൽ വിശ്വസിക്കുകയും എന്നിട്ട് എന്നെ വിട്ടുപിരിയുകയും ചെയ്തവർ ആത്മാർത്ഥമായി പശ്ചാത്തപിച്ചു മടങ്ങിയാൽ അവരുടെ തെറ്റുകൾ പൊറുത്തു കൊടുക്കുന്നതാണെന്നും അവരോട് ക്ഷമിക്കുന്നതാണെന്നും അവർക്ക് മാപ്പുചെയ്യുന്നതാണെന്നും എന്നെ അവൻ അറിയിച്ചിരിക്കുന്നു.

അവസാനമായി വിവിധ വിഭാഗങ്ങളായി നില്ക്കുന്ന എന്റെ മുസ്ലിം സഹോദരരെ, അഹ്മദീ സഹോദരരെ, ഞാൻ ഈ നൂറ്റാണ്ടിൽ അല്ലാഹുവിൽ നിന്നും വന്നവനാണ്. പരിഷ്ക്കരിക്കാൻ വേണ്ടി മാത്രമല്ല, യഥാർത്ഥ ദൈവീക അധ്യാപനത്തെ പഠിപ്പിക്കുവാൻ കൂടി വേണ്ടിയാണ്.

മുഴുലോകത്തിനു വേണ്ടിയും മുഴുജനതയ്ക്കു വേണ്ടിയും ! സർവ്വശക്തനായ ദൈവത്തിൽ നിന്നും പ്രവചന പൂർത്തികരണാർത്ഥം ദൂതന്മാർ വരുമ്പോഴെല്ലാം ഭൂമിയിലെ ജനങ്ങൾ അവനോട് മോശമായി പെരുമാറിയിട്ടുണ്ട്. ! സത്യ വിശ്വാസം ദൈവം നല്കപ്പെടാത്തവരൊഴികെ ! അജ്ഞന്മാരായ ദുർവൃത്തരായ ആളുകൾ അവരെ പരിഹസിക്കുന്നത് സാധാരണ സംഭവമാണ്. അവരെ ഉപദ്രവിക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നു. ! എന്നെയും ഇതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല ! എന്നാൽ ദൈവീക ഇംഗിതം തടയുവാൻ മാനവന് സാധ്യമല്ല. ദൈവദൂതൻ തന്നെയായിരിക്കും അന്തിമമായി വിജയിക്കുന്നത്. അൽഹംദുലില്ലാഹ് !

വിശുദ്ധഖുർ ആനിൽ അല്ലാഹു (ത) പറയുന്നു. ഞാനും എന്റെ ദൂതന്മാരും വിജയിക്കുക തന്നെ ചെയ്യും എന്ന് അല്ലാഹു എഴുതപ്പെട്ട കാര്യമാണ്. നിശ്ചയം അല്ലാഹു അതിപ്രതാപവാനും അതിശക്തനുമാകുന്നു (58 : 22)

നമ്മുടെ ത്യാഗങ്ങളും പ്രാർത്ഥനകളും അല്ലാഹു സ്വീകരിക്കട്ടെ ! നമ്മെ അവൻ അനുഗ്രഹിച്ചുകൊണ്ടിരിക്കട്ടെ! ലോകം ഒടുവിൽ അവന്റെ ദൃഷ്ടാന്തത്തെ, അടയാളങ്ങളെ, അവന്റെ ദുതനെ അംഗീകരിക്കട്ടെ ! ഒരു നല്ല ലോകത്തിനായി അവർ സ്വയം സംസ്ക്കരിക്കട്ടെ ! അവരുടെ തന്നെ രക്ഷയ്ക്കായി അവർ സ്വയം സംസ്ക്കരിക്കട്ടെ ! ഇൻശാ അല്ലാഹ് ആമീൻ


**Translated & Issued by :**

**R. Jamaludin Raother**

**Amir - Jamaat Ul Sahih Al Islam**

**South Zone - Kerala, India**

**Ph : 9447001832, 0475-2252663**

**E-mail : jamal.raother@gmail.com**

**Web : www.jamaat-ul-sahih-al-islam.com**

**Blog : www.sahih-al-islam.blogspot.in**